• അനുഭവം

# സൗഹൃദങ്ങളുടെ നിറവിൽ ഒരു നിലാവ്

ഷീബ അമീർ

**"സൂര്യനെ പ്രണയിയ്ക്കുന്നവളാണ് ഞാൻ... എന്നെ വിട്ട് കടലിന്റെ മടിത്തട്ടിൽ ഉറങ്ങാൻ പോകുമ്പോഴും അവൻ എന്നെക്കുറിച്ച് ഓർത്ത് എനിയ്ക്കുവേണ്ടി വെള്ളിത്താലത്തിൽ കൊടുത്തയയ്ക്കുന്ന സ്നേഹമാണ് നിലാവ്.."**
**ഓർമ്മ തുടങ്ങും മുമ്പ് തന്നെ കൂടെ കൂടുന്ന കൂട്ടുകാരനാണ് ചന്ദ്രൻ. കാട്ടിലും, മേട്ടിലും, റോഡിലും, കടലിലും, കായലിലും മണൽക്കാട്ടിൽ വരെ ഒറ്റയ്ക്ക് നടക്കാൻ വിടാതെ കൂടെ നടക്കാൻ വരുന്ന കൂട്ടുകാരൻ.**
**നിന്നെത്തേടി സുന്ദരമായ പൂമല ഡാമിന്റെ പരിസരത്തെ ചെപ്പാറക്കുന്നിൽ ഞങ്ങളെത്തിയിരിക്കുന്നു. .. കൂട്ടാക്കുന്നതെങ്ങിനെ എന്ന് നിന്നിൽ നിന്നും പാഠം പഠിച്ച്, ഒരു രാത്രികൊണ്ട് ഒരു ജന്മത്തെ സുഹൃദ്ബന്ധങ്ങളിൽ കുടുങ്ങി ഞങ്ങൾ പിരിഞ്ഞുപോകുന്നു.**



മരിയ്ക്കാൻ കൂട്ടുനില്ക്കുന്നതല്ല മഹത്തരമായ കാര്യം, കള്ളു കുടിച്ച്, നശിയ്ക്കുന്ന ഒരു മനുഷ്യനും ചുറ്റിപ്പറ്റി ജീവിക്കുന്ന കുടുംബത്തിനും ഒരു പുനർജന്മം കൊടുക്കുന്നതാണ് അതിലും മഹത്തരം എന്ന് ഉറക്കെ, തെല്ല് അരിശം കലർത്തി പറയുന്ന അഡ്വ. ജോൺസന്റെ പുനർജനിയിലാണ് എല്ലാവരും നിലാവു കാണാൻ ഒത്തുകൂടിയത്.

ഏറെ കാല്പനികമായ ഒരു മനസ്സിനുടമയായതിനാൽ എനിയ്ക്ക് നിലാവ് കാണാനുള്ള വെമ്പലായിരുന്നു.

പുനർജനി ഡി അഡിക്ഷൻ സെന്ററിൽ ജോൺസണും കൂട്ടരും ഒരുക്കിയ കഞ്ഞിയും പുഴുക്കും പൊടിയ ചമ്മന്തിയും എല്ലാവരും ആവശ്യാനുസരണം വന്നെടുത്ത് കഴിയ്ക്കുക തന്നെയായിരുന്നു.

ഒലീവ് പ്രവർത്തകരും, കേരളീയവും പുവർജനിയും ചേർന്ന് ഒരുക്കിയ നിലാവ് കൂട്ടായ്മ നിലാവറിയലിൽ മാത്രം ഒതുങ്ങുന്ന ഒന്നല്ല. കേരളത്തിന്റെ നാനാഭാഗത്തുനിന്നും വരുന്ന വൈവിദ്ധ്യമുള്ള സ്വഭാവക്കാരുടെ ഒരു ഒത്തുചേരലാണത്...

വിദ്യാഭ്യാസത്തിൽ, തൊഴിലിൽ, സമ്പത്തിൽ, ജീവിത രീതികളിൽ ഏറെ അന്തരം ഉള്ളവർ ഒരേ മുറ്റത്ത്, ശക്തമായ, അദൃശ്യമായ ഏതോ കണ്ണിയിലൂടെ പരസ്പരം വിളങ്ങി ചേരുന്ന അനുഭവമാണത്.

കൽവിളക്കും, തുളസിത്തറയും, കൊച്ചു തടാകക്കരയും തിരിയിട്ട് തെളിയിച്ചപ്പോൾ ഒരു ഉത്സവത്തിന്റെ പ്രതീതിയായിരുന്നു. പരസ്പരം പരിചയപ്പെട്ടും ചിന്തകളെ ഉണർത്തുന്ന പാട്ടുകൾ പാടിയും വൈകുന്നേരം 6.30 മുതൽ 9 മണിവരെ പുനർജനിയിൽ കഴിച്ചുകൂട്ടി. ഷാമിയാന പന്തലിൽ വട്ടം വളഞ്ഞിരുന്ന് അത്രനേരം കഴിച്ചുകൂട്ടുമ്പോഴും നിലാവിനെ ഒരു നിമിഷംപോലും നഷ്ടപ്പെടുത്താൻ തയ്യാറല്ലാത്ത മനസ്സിന്റെ തള്ളിച്ചയായിയരുന്നു എന്റെയുള്ളിൽ.

9.30 യ്ക്ക് വിശാലമായി നിലാവിനെ അറിയാൻ ചെപ്പാറ കുന്നിലേയ്ക്ക് ഞങ്ങൾ യാത്രയായി. മൂന്നും നാലും വാഹനങ്ങളിലായി രണ്ടും മൂന്നും തവണയായാണ് 2 കിലോമീറ്റർ ദൂരമുള്ള ചെപ്പാറ കുന്നിൽ എത്തിയത്...പ്രസന്നനും നിരഞ്ജനയും ലിന്റോണും നടന്ന് തന്നെ കുന്നിലെത്തും എന്ന തീരുമാനം വിജയകരമായി നടപ്പിലാക്കി. കുത്തനെയുള്ള കരിങ്കൽപാറ എന്റെ മനസ്സിന് സംശയം തോന്നിയെങ്കിലും, കോയിക്കോട്ട് നിന്നെത്തിയ ചെറുപ്പക്കാരൻ ഇല്ല്യാസിന്റെ കൈപിടിച്ച് പാറ കയറുമ്പോൾ ഞാൻ അവനെക്കാൾ ചെറുപ്പമായിരുന്നു. എന്നെക്കാൾ എത്രയോ മുമ്പ് ധനഞ്ജയനും, ഷേർലിയും നാലു കുട്ടികളും കുന്നിന് മുകളിൽ എത്തിയിരുന്നു.

പാറ കയറി കുന്നിന്റെ പരപ്പിൽ എത്തിയപ്പോഴേയ്ക്കും മേഘങ്ങൾ ചന്ദ്രനെ മൂടിയിരുന്നു. എന്റെ തിരക്കുകണ്ട് മേഘങ്ങളെ മാറാല തട്ടികൊണ്ട് മാറ്റിയാലെ നിലാവിനെ കാണാനാവൂ.." എന്ന് കളിയാക്കുന്നുണ്ടായിരുന്നു ഷിഹാബും, രാധാകൃഷ്ണനും.

ചന്ദ്രന് കുറച്ചൊക്കെ അഹങ്കാരമുണ്ടായിരുന്നില്ലേ.... തീർച്ചയായും... എങ്ങി

(തുടർച്ച 50-ാം പേജിൽ)